# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2246 06.02.2019-ൽ മറുപടിക്ക്

## മാളയിലെ യഹൂദ സ്മാരകങ്ങൾ

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാളയിലെ യഹൂദ സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ), (ബി) & (സി) | 26.12.2017-ലെ G.O.(P)5/2017/CAD നമ്പരായ അന്തിമ വിജ്ഞാപന പ്രകാരം മാളയിലെ യഹൂദ സിനഗോഗും, യഹൂദ സെമിത്തേരിയും പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2017 ഡിസംബർ 27<br>27th December 2017<br>1193 ധനു 12<br>12th Dhanu 1193<br>1939 പൌഷം 6<br>6th Pousha 1939 | നമ്പർ<br>No. 2871 |

## കേരള സർക്കാർ

സാംസ്കാരിക കാര്യ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 5/2017/സാം.കാ.വ. *തിരുവനന്തപുരം, 2017 ഡിസംബർ 26. 1193 ധനു 11.*

**എസ്. ആർ. ഒ. നമ്പർ 855/2017.**—1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെ (1969-ലെ 26) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ പ്രത്യേകമായി വിവരിച്ചിട്ടുള്ളതും തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ വടമ വില്ലേജിൽ സ്ഥിതി ചെയ്യുന്നതുമായ ''മാള യഹൂദ സിനഗോഗും, മാള യഹൂദ സെമിത്തേരിയും'' പ്രസ്തുത ആക്ടിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി ഇതിനാൽ പ്രഖ്യാപിക്കുന്നു. ഇതു സംബന്ധിച്ച നോട്ടീസ് പ്രസ്തുത ആക്ടിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം 2017 സെപ്റ്റംബർ 13-ാം തീയതിയിലെ സ. ഉ. (സാധാ) നമ്പർ 538/2017/സാം.കാ.വ. എന്ന വിജ്ഞാപനമായി 2017 സെപ്റ്റംബർ 14-ാം തീയതിയിലെ 1948-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

33/4611/2017/S-5.

പട്ടിക

| ക്രമ നമ്പർ | വില്ലേജ്, താലൂക്ക്, ജില്ല എന്നിവയുടെ പേര് | സ്മാരകത്തിന്റെ പേരും വിസ്തൃതിയും | സർവ്വേ നമ്പർ | അതിരുകൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | വില്ലേജ്—വടമ<br>താലൂക്ക്—ചാലക്കുടി<br>ജില്ല—തൃശ്ശൂർ | മാള യഹൂദ സിനഗോഗ്<br>9 ആർ 31 ച. മീ. | 575/1 | കിഴക്ക്—വടക്കേടത്തുപറമ്പിൽ പരമേശ്വരൻ മകൻ ബാലചന്ദ്രൻ, രാമസ്വാമി എന്ന ഷൺമുഖൻ, ചന്ദ്രശേഖരൻ എന്നിവർ കൂടി തെക്കുന്തല അപ്പു വൈദ്യർ വിജയൻ, പ്ലാക്കൽ തോമസ് ഭാര്യ ആനി തോമസ് സർവ്വേ നമ്പർ 575/1.<br>വടക്ക്—പഞ്ചായത്ത് റോഡ് 574/2<br>തെക്ക്—ചേർത്തോടത്ത് രങ്കമല്ലൻ മകൻ നവീൻ കുമാർ സർവ്വേ നമ്പർ 576/3 വക വസ്തു.<br>പടിഞ്ഞാറ്—ആർ 101 ആപ്കോസ് മാള ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം വക വസ്തു സർവ്വേ നമ്പർ 576/1, വലിയ വീട്ടിൽ അലിയാർ മകൻ ഫൈസൽ വക വസ്തു. |
| 2 | വില്ലേജ്—വടമ<br>താലൂക്ക്—ചാലക്കുടി<br>ജില്ല—തൃശ്ശൂർ | മാള യഹൂദ സെമിത്തേരി<br>1 ഹെക്ടർ 61 ആർ. 88 ച. മീ. | 709/1 | കിഴക്ക്—പഞ്ചായത്ത് റോഡ് സർവ്വേ നമ്പർ 710 & 709.<br>വടക്ക്—പഞ്ചായത്ത് റോഡ് സർവ്വേ നമ്പർ 707/708.<br>തെക്ക്—പി.ഡബ്ല്യു. ഡി. റോഡ് സർവ്വേ നമ്പർ 752 .<br>പടിഞ്ഞാറ്—പഞ്ചായത്ത് റോഡ് സർവ്വേ നമ്പർ 707. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,
ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പുരാവസ്തു വകുപ്പ് ഡയറക്ടർ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ വടമ വില്ലേജിലെ 'മാള യഹൂദ പള്ളിയും യഹൂദ സെമിത്തേരിയും' 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിൻ കീഴിൽ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത അറിയിക്കുകയുണ്ടായി. സർക്കാർ ശിപാർശ അംഗീകരിക്കുകയും പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ പറയുന്ന പ്രകാരം ആക്ഷേപങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ സർക്കാർ പരിഗണിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് 2017 സെപ്റ്റംബർ 13-ാം തീയതിയിലെ സ.ഉ. (സാധാ) നമ്പർ 538/2017/സാം.കാ.വ. നമ്പർ വിജ്ഞാപനമായി 2017 സെപ്റ്റംബർ 14-ാം തീയതിയിലെ 1948-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ല. അതിനാൽ പട്ടികയിൽ വിവരിച്ചിട്ടുള്ള സ്മാരകത്തെ പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA

## Cultural Affairs (B) Department

## NOTIFICATION

G.O. (P) No. 5/2017/CLAD. *Dated, Thiruvananthapuram, 26th December, 2017*
*11th Dhanu, 1193.*

**S.R.O. No. 855/2017.**—In exercise of the powers conferred by sub-section (3) of section 4 of the Kerala Ancient Monuments and Archaeological Sites and Remains Act, 1968 (26 of 1969), the Government of Kerala hereby declare the "Mala Jewish Synagogue and Mala Jewish Cemetery" situated at Vadama Village, Chalakkudy Taluk, Thrissur District and more particularly described in the schedule hereunder, to be a protected monument within the meaning of the said Act, the notice of the same having been provisionally published as G. O. (Rt.) No. 538/2017/CAD, dated 13th September, 2017 in the Kerala Gazette Extraordinary No. 1948, dated 14th September, 2017 as required under sub-section (1) of section 4 of the said Act.

SCHEDULE

| *Sl. No.* | *Name of Village, Taluk and District* | *Name of Monument and extent of site* | *Survey No.* | *Boundaries* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | Village—Vadama<br>Taluk—Chalakkudy<br>District—Thrissur | Mala Jewish Synagogue 9 Ares 31 Square Metre | 575/1 | *East*—Balachandran, Ramaswami @ Shanmughan, Chandra Sekharan s/o Parameswaran, Vadakkedathu parambil (H), Vijayan s/o Appu Vaidyar, Thekkumthala (H), Annie Thomas, w/o Thomas Plakkal (H), survey Number 575/1.<br>*North*—Panchayath Road 574/2. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | *South*—Property of Naveenkumar s/o Rankamallan, Cherthedath (H), Survey Number 576/3. *West*—R 101, Property of APCOS Mala Ksheerol-padaka Sahakarana Sangam Limited, Faisal s/o Aliyar, Valiyaveetil (H), Survey Number 576/1. |
| 2 | Village—Vadama Taluk—Chalakkudy District—Thrissur | Mala Jewish Cemetery 1 Hectare 61 Ares 88 Square meter | 709/1 | *East*—Panchayath Road Survey Number 710 and 709 *North*—Panchayath Road Survey Number 707/708 *South*—P W D Road Survey Number 752. *West*—Panchayath Road Survey Number 707. |

By order of the Governor,

RANI GEORGE,

*Secretary to Government.*

33/4611/17

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Director, Archaeology has reported the necessity to declare the "Mala Jewish Synagogue and Mala Jewish Cemetery" situated at Vadama Village, Chalakudy Taluk, Thrissur District as a protected monument under the Kerala Ancient Monuments and Archaeological Sites and Remains Act, 1968 (26 of 1969). The Government have accepted the recommendation and have published the Preliminary Notification G. O. (Rt.) No. 538/2017/CAD, dated 13th September, 2017 in the Kerala Gazette Extraordinary No. 1948 dated 14th September, 2017, inviting objections, if any, as required under sub-section (1) of section 4 of the said Act. No objection was received. Government have therefore, decided to declare the monument described in the schedule as a protected monument under sub-section (3) of section 4 of the said Act.

This notification is intended to achieve the above object.

---

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.